"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തളിപ്പറമ്പ് ഇ.റ്റി.സി. പ്രിൻസിപ്പലിനെ സ്ഥലംമാറ്റിയപ്പോൾ, അധികച്ചുമതല തളിപ്പറമ്പ് ഇ.റ്റി.സി. ലക്ചറർ ശ്രീമതി ഡി.സിന്ധുവിന് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 01.01.2020.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 05.07.2016-ലെ 10910/എസ്റ്റാ.എ1/16/സി.ആർ.ഡി നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 27.01.2017-ലെ 10910/എസ്റ്റാ.എ1/16/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

തളിപ്പറമ്പ് ഇ.റ്റി.സി. പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.റ്റി.വി.അരവിന്ദാക്ഷനെ കോഴിക്കോട് ബാലുശ്ശേരി ഫുഡ് പ്രോസസിംഗ് ആന്റ് ന്യൂട്രീഷ്യൻ സെന്ററിൽ ഡയറക്ടറായി നിയമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല തളിപ്പറമ്പ് ഇ.റ്റി.സി. ലക്ചറർ ശ്രീമതി ഡി.സിന്ധുവിന് പരാമർശം (1) പ്രകാരം നൽകിയിരുന്നുവെന്നും പ്രസ്തുത നടപടി സാധൂകരിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തളിപ്പറമ്പ് ഇ.റ്റി.സി. പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.റ്റി.വി.അരവിന്ദാക്ഷനെ സ്ഥലംമാറ്റിയപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല തളിപ്പറമ്പ് ഇ.റ്റി.സി. ലക്ചറർ ശ്രീമതി ഡി.സിന്ധുവിന് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി ഡി.സിന്ധു, ലക്ചറർ, തളിപ്പറമ്പ് ഇ.റ്റി.സി.(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ